**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ എ.മുഹമ്മദ് അഷറഫ് എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ.എ. അർസൽബാബുവിന് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ പാലക്കാട് ജില്ലയിൽ ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ) തസ്തികയിൽ നിയമനം നൽകുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.86/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,23/07/2016.

പരാമർശം :

1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) ശ്രീ.എ. അർസൽബാബുവിന്റെ 21/06/2013,10/08/2014 എന്നീ തീയതികളിലെ അപേക്ഷകൾ

3) പഞ്ചായത്ത് ഡയറക്ടറുടെ 17/12/2013 ലെ ഇ 7-40865/13 നമ്പർ കത്ത്.

4) പാലക്കാട് ജില്ലാ കളക്ടറുടെ 08/07/2014 ലെ എ 3-2014/22834/9 നമ്പർ കത്ത്.

5) സഉ(കൈ) 81/2016/തൊഴിൽ തീയതി 20.05.2016.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ എ. മുഹമ്മദ് അഷറഫ് എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ.എ.അർസൽബാബു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ 14.10.2012 ലാണ് മുഹമ്മദ് അഷറഫ് നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ.എ. അർസൽബാബു പരേതന്റെ അവിവാഹിതനായ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം തന്നെ അപേക്ഷ നൽകിയിട്ടുണ്ട്.പരേതനായ എ. മുഹമ്മദ് അഷറഫിന് 24 വർഷവും 05 മാസവും 18 ദിവസവും സേവന കാലമുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ എ.മുഹമ്മദ് അഷറഫിന്റെ മരണസർട്ടിഫിക്കറ്റ് അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം. വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം. മറ്റ് അനന്തരാവകാശികളുടെ സമ്മതപത്രങ്ങൾ ഉടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 81,240/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും പാലക്കാട് ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്

അപേക്ഷകന്റെ ജനനതീയതി 31.05.1986 ആണ്. ടിയാന് 30 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്, എസ്.എൽ.സി, +2 പാസ്സാവുകയും കംപ്യൂട്ടർ ഹാർഡ് വെയർ

മെയിന്റനൻസിൽ ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്. ആയതിനാൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിനാണ് ടിയാൻ അപേക്ഷിച്ചിരുന്നത്. പഞ്ചായത്ത് വകുപ്പിൽ പ്രസ്തുത തസ്തിക നിലവിലില്ല. എന്നാൽ വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക നിലവിലുണ്ട്. ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) തസ്തികയിലെ നിയമനത്തിന് കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസിൽ(3 വർഷം) ഉള്ള സർക്കാർ അംഗീകൃത പോളിടെക്നിക്ക് ഡിപ്ലോമ തത്തുല്യ യോഗ്യതയായി അംഗീകരിച്ച് പരാമർശം(5) പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ജൂനിയർ ഇൻസ്ട്രക്ടർ(കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്യൂണായിരിക്കെ മരണമടഞ്ഞ എ.മുഹമ്മദ് അഷറഫ് എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ.എ. അർസൽബാബുവിന്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിൽ പാലക്കാട് ജില്ലയിൽ നിലവിലുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ ക്ലാസ്III തസ്തികയായ ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) തസ്തികയിൽ (26500-56700) രൂപ ശമ്പള സ്കെയിലിൽ നിയമനം നൽകുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ പരേതനായ എ. മുഹമ്മദ് അഷറഫിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാളുടെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ. എം.കെ
ഗവ. ജോയിന്റ് സെക്രട്ടറി

ശ്രീ.എ. അർസൽബാബു, ആമക്കാട്ടു പറമ്പിൽ(H) കട്ടമ്പഴിപ്പുറം പി.ഓ പാലക്കാട് പിൻ- 678633.
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ജില്ലാ കളക്ടർ, പാലക്കാട്.
സെക്രട്ടറി, കരിമ്പുഴ ഗ്രാമപഞ്ചായത്ത് , പാലക്കാട്
തൊഴിലും നൈപുണ്യവും വകുപ്പ് (നം.സി4/51/2016/തൊഴിൽ തീയതി 03/06/2016)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്( നം 13490/EPA3/14/LSGD).

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ